**2009, ഖുത്ബ നമ്പര്‍- 36**

بسم الله الرحمن الرحيم

04.09.2009
**ബയ്ത്തുല്‍ ഫുതൂഹ്, ലണ്ടന്‍**

# വിശുദ്ധ ഖുര്‍ആന്‍: മാനവരാശിയുടെ വഴികാട്ടി

شَهْرُ رَمَضَانَ الَّذِيٓ أُنْزِلَ فِيْهِ الْقُرْاٰنُ
هُدًى لِّلنَّاسِ وَبَيِّنٰتٍ مِّنَ الْهُدٰى
وَالْفُرْقَانِ ۚ فَمَنْ شَهِدَ مِنْكُمُ الشَّهْرَ
فَلْيَصُمْهُ ۗ وَمَنْ كَانَ مَرِيْضًا أَوْ عَلٰى سَفَرٍ
فَعِدَّةٌ مِّنْ أَيَّامٍ أُخَرَ ۗ يُرِيْدُ اللّٰهُ بِكُمُ
الْيُسْرَ وَلَا يُرِيْدُ بِكُمُ الْعُسْرَ ۟
وَلِتُكْمِلُوا الْعِدَّةَ وَلِتُكَبِّرُوا اللّٰهَ عَلٰى مَا
هَدٰىكُمْ وَلَعَلَّكُمْ تَشْكُرُوْنَ ﴿١٨٦﴾ (2.186)

സമസ്ത മനുഷ്യര്‍ക്കും സന്മാര്‍ഗദായകവും മാര്‍ഗദര്‍ശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകള്‍ ഉള്‍കൊള്ളുന്നതുമായ ഖുര്‍ആന്‍ അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാന്‍. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തില്‍ സാക്ഷ്യം വഹിച്ചാല്‍ അയാള്‍ അതില്‍ വ്രതമനുഷ്ഠിക്കട്ടെ. എന്നാല്‍ നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റു ദിനങ്ങളില്‍ പൂര്‍ത്തിയാക്കോണ്ടതാണ്. അല്ലാഹു നിങ്ങള്‍ക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവന്‍ നിങ്ങള്‍ക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങള്‍ എണ്ണം പൂര്‍ത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാര്‍ഗത്തിലാക്കിയതിന് നിങ്ങള്‍ അവനെ മഹത്വപ്പെടുത്തുന്നതിനും, നിങ്ങള്‍ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു. (2.186)

ഈ ആയത്തിന്റെ ആദ്യ ഭാഗത്തെക്കുറിച്ച് ചില കാര്യങ്ങള്‍ വിവരിക്കാനാണ് ഞാന്‍ ഇന്ന് ഉദ്ദേശിക്കുന്നത്. റമദാന്‍ മാസത്തിന് വിശുദ്ധ ഖുര്‍ആനുമായി ഒരഭേദ്യ ബന്ധമുണ്ട്. അല്ലാഹു ഈ ആയത്തില്‍ അതിനെക്കുറിച്ച് പറയുന്നു شَهْرُ رَمَضَانَ الَّذِيٓ أُنْزِلَ فِيْهِ الْقُرْاٰنُ എന്ന് പറഞ്ഞുകൊണ്ട് അല്ലാഹു വ്യക്തമാക്കുന്നത് റമദാനിലെ നോമ്പ് വെറുതെയങ്ങ് നിര്‍ബന്ധമാക്കിയതല്ല എന്നാണ്. ഈ മാസത്തിലാണ് വിശുദ്ധഖുര്‍ആനാകുന്ന അതിമഹത്തായ ഗ്രന്ഥം തിരുനബി (സ) നാല്‍ അവതരിക്കാന്‍ തുടങ്ങിയത്. ഹദീസുകളില്‍ നിന്നും മനസ്സിലാക്കുന്നതും ഇതാണ്. ഹദ്റത്ത് ജിബ്രീല്‍ (അ) ഓരോ വര്‍ഷവും അതുവരെ അവതരിപ്പിക്കപ്പെട്ട വിശുദ്ധഖുര്‍ആന്റെ അത്രയും ഭാഗം റമദാനില്‍ ആവര്‍ത്തിച്ച് തിരുനബിക്ക് ഓതിക്കേള്‍പ്പിക്കാറുണ്ടായിരുന്നു. അല്ലാഹുവിന്റെ അവസാനത്തേതും സമ്പൂര്‍ണ്ണമായതുമായ ശരീഅത്ത് ഇറക്കിയ മാസമാണ് ഇത് എന്നത് കൊണ്ട് തന്നെ ഈ മാസത്തിന്റെ പ്രാധാന്യം വര്‍ദ്ധിക്കുന്നു. അല്ലാഹു നമ്മോട് വ്രതമനുഷ്ഠിക്കാന്‍ കല്‍പ്പിക്കുന്നു. അതോടൊപ്പം വിശുദ്ധഖുര്‍ആന്‍ പഠനത്തിലേക്ക് കൂടുതല്‍ ശ്രദ്ധിക്കണമെന്നും കല്‍പ്പിക്കുന്നു. അല്ലാഹുവിന്റെ സാമീപ്യം നിങ്ങള്‍ക്ക് കരഗതമായതും നിങ്ങളുടെ ദുആ സ്വീകരിക്കപ്പെട്ടതിനും പിന്നില്‍ മറഞ്ഞിരിക്കുന്ന കാര്യം, വിശുദ്ധഖുര്‍ആനില്‍ അല്ലാഹു നിങ്ങള്‍ക്ക് അത് കരസ്ഥമാക്കേണ്ട രീതി പഠിപ്പിച്ചു തന്നിരിക്കുന്നു എന്നത് കൊണ്ടാണ്. അതുകൊണ്ട് ഈ ഗ്രന്ഥത്തെ വായിക്കേണ്ടതും റമദാനില്‍ അത് പാരായണം ചെയ്യേണ്ടതും നിര്‍ബന്ധം തന്നെ. ഇതു മുഖേന വര്‍ഷം മുഴുവന്‍ ഇതിലേക്ക് നിങ്ങളുടെ ശ്രദ്ധ ഉണ്ടായിരിക്കുന്നതാണ്.

തിരുനബി (സ) യുടെ അവസാന റമദാനില്‍ ഹദ്റത്ത് ജിബ്രീല്‍ (അ) രണ്ട് പ്രാവശ്യം വിശുദ്ധ ഖുര്‍ആന്‍ തിരുനബിക്ക് ഓതി കേള്‍പ്പിക്കുകയുണ്ടായി. ഈ സുന്നത്തിനെ പിന്‍പറ്റിക്കൊണ്ട് ഒരു മുഅ്മിന്‍ റമദാനില്‍ രണ്ട് പ്രാവശ്യം വിശുദ്ധഖുര്‍ആന്‍ ഓതിത്തീര്‍ക്കാന്‍ ശ്രമിക്കേണ്ടതാണ്. രണ്ട് പ്രാവശ്യം പാരായണം ചെയ്യാന്‍ കഴിയുന്നില്ലെങ്കില്‍ ഒരു പ്രാവശ്യം സ്വയം പാരായണം ചെയ്തും പിന്നീട് ദര്‍സിലും തറാവീഅ് നമസ്ക്കാരത്തിലും കേള്‍ക്കുകയും ചെയ്യുക. ചിലര്‍ ജോലിയില്‍ പോകുന്നവരാണ്. അവര്‍ക്ക് കാസറ്റുകള്‍ ലഭിക്കും. യാത്രാവേളയിലും മറ്റു സമയത്തും അതു മുഖേന കേള്‍ക്കാന്‍ സാധിക്കും. ഈ രീതിയില്‍ എത്രമാത്രം വിശുദ്ധഖുര്‍ആന്‍ നമുക്ക് പാരായണം ചെയ്യാനും കേള്‍ക്കാനും സാധിക്കുമോ അത്രയും പ്രാവശ്യം ഈ മാസത്തില്‍ നാം പാരായണം ചെയ്യുകയും കേള്‍ക്കുകയും ചെയ്യേണ്ടതാണ്. പാരായണം ചെയ്യുന്നതില്‍ മാത്രം കാര്യങ്ങള്‍ അവസാനിപ്പിക്കാതെ അതില്‍ വിവരിച്ചിരിക്കുന്ന കല്‍പനകള്‍ എന്തെല്ലാമാണെന്ന് അന്വേഷിക്കുകയും വേണം. അങ്ങിനെ നമുക്ക് ലഭിച്ചിരിക്കുന്ന കല്‍പനകളനുസരിച്ച് വര്‍ഷം മുഴുവനും പ്രവര്‍ത്തിക്കാന്‍ പരിശ്രമിക്കേണ്ടതാണ്. ഈ കല്‍പനകള്‍ ഉന്നത നിലവാരത്തില്‍ പ്രാവര്‍ത്തികമാക്കാന്‍ തുടര്‍ന്ന് പരിശ്രമിക്കേണ്ടതാണ്. അപ്പോഴാണ് റമദാനിന്റെ പ്രാധാന്യം ശരിക്കും വെളിപ്പെടുകയുള്ളൂ. അതു മുഖേനയാണ് നോമ്പിനോടും ആരാധനാകര്‍മ്മങ്ങളോടും ശരിക്കും നമുക്ക് നീതിപുലര്‍ത്താന്‍ സാധിക്കുകയുള്ളൂ. നാം ചെയ്യുന്ന കര്‍മ്മങ്ങളുടെ ഉദ്ദേശ്യമെന്താണെന്ന് അറിയുന്നില്ലെങ്കില്‍, അല്ലാഹു ഇതെല്ലാം ചെയ്യാന്‍ എന്തിന്‌വേണ്ടിയാണ് നമ്മോട് പറഞ്ഞത് എന്ന് മനസ്സിലാകുന്നില്ലെങ്കില്‍ ആ പ്രവര്‍ത്തനങ്ങളോട് വേണ്ടത്ര നീതി പുലര്‍ത്താന്‍ നമുക്ക് സാധിച്ചെന്ന് വരില്ല. തഖ്‌വയില്‍ ചരിക്കുക എന്നും സദ്പ്രവര്‍ത്തികള്‍ ചെയ്യുക എന്നും മാത്രം കേള്‍ക്കുകയും എന്നാല്‍ തഖ്‌വ എന്താണെന്നോ സദ്പ്രവര്‍ത്തികള്‍ ഏതെല്ലാമെന്നോ അറിയില്ലായെങ്കില്‍, റമദാനില്‍ കുറേ പ്രവര്‍ത്തികള്‍ എല്ലാവരും ചെയ്യുന്നത്പോലെ ചെയ്യുകയും ഖുത്വുബ കേള്‍ക്കുകയും ചെയ്തത്കൊണ്ട് അതിന്റെ ആത്മാവ് നിലനില്‍ക്കില്ല. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്

الَّذِيْنَ اٰتَيْنٰهُمُ الْكِتٰبَ يَتْلُوْنَهٗ حَقَّ
تِلَاوَتِهٖ ۗ أُولٰٓئِكَ يُؤْمِنُوْنَ بِهٖ ۗ وَمَنْ
يَّكْفُرْ بِهٖ فَأُولٰٓئِكَ هُمُ الْخٰسِرُوْنَ ﴿١٢٢﴾ (2:122)

നാം ഗ്രന്ഥം നല്‍കിയവര്‍ അത് പാരായണം ചെയ്യേണ്ട മുറപ്രകാരം അവര്‍ പാരായണം ചെയ്യുന്നു.(2:122) അവര്‍ അതിനെക്കുറിച്ച് ശരിക്കും ചിന്തിക്കുന്നവര്‍ കൂടിയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു. നിങ്ങള്‍ വിശുദ്ധഖുര്‍ആനെ പിന്‍പുറം തള്ളിയ വസ്തുവിനെപ്പോലെ ഉപേക്ഷിച്ച് കളയരുത്, വിശുദ്ധഖുര്‍ആനെ

ക്കുറിച്ച് ചിന്തിക്കുകയും അതിനെ പാരായണം ചെയ്യുകയും അതോടൊപ്പം അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

ഞാൻ പാരായണം ചെയ്ത ആയത്തിൽ شَهْرُ رَمَضَانَ الَّذِيْٓ اُنْزِلَ فِيْهِ الْقُرْاٰنُ هُدًى لِّلنَّاسِ എന്നതിനുശേഷം പറയുന്നത് وَبَيِّنٰتٍ مِّنَ الْهُدٰى وَالْفُرْقَانِ എന്നാണ്. ജനങ്ങൾക്ക് വഴികാണിക്കുവാനാണ് ഇത് അവതരിപ്പിച്ചിരിക്കുന്നത്. ഹിദായത്തിനെക്കുറിച്ചുള്ള വിശദീകരണം ഇതിലുണ്ട്. സത്യാസത്യവിവേചനത്തിനുള്ള മാനദണ്ഡവും വിവരിച്ചിട്ടുണ്ട്. അത്കൊണ്ട് ഇത് ഓതേണ്ട മുറയനുസരിച്ച് ഓതുന്നില്ലെങ്കിൽ ഹിദായത്തിനുള്ള നിർദേശങ്ങൾ എന്താണെന്ന് നമുക്കറിയാൻ സാധിക്കില്ല. അതേപോലെ സത്യാസത്യത്തെക്കുറിച്ചുള്ള വ്യതിരിക്തത മനസ്സിലാക്കാനും സാധ്യമല്ല. അതിനാൽ റമദാനോടു നീതി പുലർത്താൻ ആഗ്രഹിക്കുന്ന ഓരോ വിശ്വാസിയും വിശുദ്ധഖുർആൻ പാരായണം നടത്തുകയും അതിന്റെ കൽപനകൾ മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്.

വിശുദ്ധ ഖുർആന്റെ പാരായണത്തെക്കുറിച്ച് മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു.

وَّاُمِرْتُ اَنْ اَكُوْنَ مِنَ الْمُسْلِمِيْنَ ﴿۹۲﴾

وَاَنْ اَتْلُوَا الْقُرْاٰنَ

(27:92,93)

അനുസരണമുള്ളവരിൽ പെട്ടവനാകാനും ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ഞാൻ ഖുർആൻ ഓതികേൾപ്പിക്കണമെന്നും ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. (27:92,93) അതിനാൽ യഥാർത്ഥ അനുസരണം എന്ന് പറയുന്നത് അല്ലാഹു തിരുനബി (സ.അ)ക്ക് ഇറക്കിയ പരിപൂർണ്ണ ശരീഅത്തിനെ അതർഹിക്കുന്ന രീതിയിൽ പാരായണം ചെയ്യുക എന്നതുമാണ്. നാം വിശുദ്ധഖുർആനെ അംഗീകരിക്കുന്നു എന്ന് വാദിക്കുന്നവരും കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചവരും കൂടിയാണ്. ഈ റമദാനിൽ ഞങ്ങൾ ഇത് പാരായണം ചെയ്യുന്നു എന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് പാരായണം ചെയ്യുകയും അതോടൊപ്പം റമദാന് ശേഷവും ഞങ്ങൾ നിത്യവും ഇത് പാരായണം ചെയ്യുന്നതാണെന്ന് പ്രതിജ്ഞ എടുക്കുകയും ചെയ്യുക. അതോടൊപ്പം ഇതിന്റെ കൽപനകളനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. ദൈവസാമീപ്യം നേടിത്തരുന്നത് ഇതായിരിക്കും. റമദാൻ സ്വീകരിക്കപ്പെടുന്നതിനും ഇത് കാരണമായിത്തീരുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു. നിങ്ങൾക്കായുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശുദ്ധഖുർആനെ തള്ളിക്കളയരുത്. കാരണം അതിലാണ് നിങ്ങളുടെ ജീവൻ നിലകൊള്ളുന്നത്. ആരാണോ വിശുദ്ധഖുർആന് ബഹുമാനം നൽകുന്നത് അവൻ ആകാശത്തിൽ ബഹുമാനിക്കപ്പെടുന്നതാണ്. ആരാണോ എല്ലാ ഹദീസുകളെക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധഖുർആനെ മുന്തിക്കുന്നത് അവർ ആകാശത്ത് മുന്തിക്കപ്പെടുന്നതാണ്. (ആകാശത്തിൽ ആദരിക്കപ്പെടും എന്നതുകൊണ്ടു അർത്ഥമാക്കുന്നത് അല്ലാഹു തന്റെ സാമീപ്യം നൽകി അനുഗ്രഹിക്കുന്നതാണെന്നാണ്. ഈ കാഴ്ച കാണണമെങ്കിൽ നമ്മൾ ഖുർആനെ ആദരിക്കുകയും അതിനെ പാരായണംചെയ്യുകയും ചെയ്യേണ്ടതാണ്. അതിന്റെ കൽപനകളനുസരിച്ച് ജീവിക്കേണ്ടതുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു. മാനവരാശിക്ക് ഇഹലോകത്ത് വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥമില്ല. ആദം സന്തതികൾക്ക് മുഹമ്മദ് മുസ്തഫ (സ.അ) അല്ലാതെ ഒരു റസൂലോ ശുപാർശകനോ ഇല്ല. അതിനാൽ ആകാശത്ത് നിങ്ങൾ മോക്ഷം പ്രാപിച്ചവരാണെന്ന് എഴുതപ്പെടുന്നതിനുവേണ്ടി ഈ പ്രതാപശാലിയായ നബിയോട് നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. മറ്റൊരാൾക്കും അവിടത്തെക്കാൾ ശ്രേഷ്ഠത കൽപിക്കരുത്. ഓർക്കുക, മോക്ഷം എന്നത് മരണത്തിന്ശേഷം ലഭിക്കുന്ന ഒന്നല്ല. മറിച്ച് യഥാർത്ഥ മോക്ഷം ഈ ലോകത്ത് വെച്ച്തന്നെ അതിന്റെ പ്രഭ പ്രകടമാക്കുന്നു. മോക്ഷപ്രാപ്തർ ആരാണ് ? ദൈവം സത്യമാണെന്ന് ഉറച്ച് വിശ്വസിക്കുന്നവരും അല്ലാഹുവിന്നും സകല സൃഷ്ടിജാലങ്ങൾക്കുമിടയിലുമുള്ള ശുപാർശകൻ ഹദ്റത്ത് മുഹമ്മദ് നബി (സ.അ) ആണെന്ന് വിശ്വസിക്കുകയും ആകാശത്തിൻ കീഴിൽ അവിടത്തെ പദവിയോളമെത്തുന്ന മറ്റൊരു പ്രവാചകനില്ലെന്നും ഖുർആന് കിടപിടിക്കുന്ന മറ്റൊരു ഗ്രന്ഥമില്ലെന്നും അടിയുറച്ച് വിശ്വസിക്കുന്നവനും ആണ് യഥാർത്ഥ മോക്ഷം പ്രാപിച്ചവൻ. അല്ലാഹു ആരെയും ചിരഞ്ജീവിയാക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠനായ നബി എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്. അദ്ദേഹം എന്നെന്നും ജീവിച്ചിരിക്കുന്നതിനായി അല്ലാഹു ഉണ്ടാക്കിയിരിക്കുന്ന സംവിധാനം എന്നത് അദ്ദേഹത്തിന്റെ ശരീഅത്തിന്റെ ആത്മീയ പിൻതുടർച്ച ഖിയാമത്ത്നാൾ വരെ അല്ലാഹു നിലനിറുത്തിയിരിക്കുന്നു എന്നാണ്. അവസാനമായി ആ പ്രവാചകന്റെ ആത്മീയ അനുഗ്രഹപ്രാപ്തി മുഖേന ഇസ്ലാമിക സൗധത്തിന്റെ സമ്പൂർത്തീകരണത്തിനായി ഈ വാഗ്ദത്തമസീഹിനെ ലോകത്തേക്കയക്കുകയും ചെയ്തിരിക്കുന്നു. മൂസവീ സമുദായത്തിന് നൽകപ്പെട്ടിരുന്നതുപോലെ മുഹമ്മദീ സമുദായത്തിനും ആത്മീയമായ രീതിയിൽ ഒരു മസീഹ് നൽകപ്പെടുന്നതുവരെ ഈ ലോകം അവസാനിക്കാതിരിക്കേണ്ടത് നിർബന്ധമായിരുന്നു.

ഈ മുഹമ്മദി മസീഹിന്റെ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ട് അല്ലാഹുവിന്റെ സമ്പൂർണ്ണശരീഅത്തിനെ മനസ്സിലാക്കും എന്ന പ്രതിജ്ഞ ചെയ്യാനുള്ള സൗഭാഗ്യം നമുക്ക് ലഭിച്ചിരിക്കുകയാണ്. റസൂൽ തിരുമേനിയുടെ ഖാത്വമിയ്യത്തിന്റെ സ്ഥാനമഹാത്മ്യം നമുക്ക് ഇതുമുഖേന മനസ്സിലാക്കാൻ സാധിച്ചിരിക്കുന്നു. എന്നാൽ മറ്റു മുസ്ലീംകൾക്ക് ഈ ഭാഗ്യമില്ല. ഇത് നമ്മെ മറ്റുള്ളവരിൽനിന്നും വ്യതിരിക്തമാക്കുന്നതോടൊപ്പം വിശുദ്ധ ഖുർആൻ മനസ്സിലാക്കുന്നതിലേക്കും അതിനെ അതർഹിക്കുന്ന രീതിയിൽ ആദരിക്കേണ്ടതിലേക്കും നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നുണ്ട്. മാത്രമല്ല. നമ്മുടെ വാക്കിലും പ്രവർത്തിയിലും വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ പ്രകടമാകേണ്ടതാണ്. അല്ലെങ്കിൽ ഉപേക്ഷിക്കപ്പെട്ട ഒരു വസ്തുവിനെപോലെയായിരിക്കും അത്.

സൂറത്തുൽ ഫുർഖാനിൽ അല്ലാഹു പറയുന്നു

وَقَالَ الرَّسُوْلُ يٰرَبِّ اِنَّ قَوْمِي اتَّخَذُوْا

هٰذَا الْقُرْاٰنَ مَهْجُوْرًا ﴿۳۱﴾

(25:31)

ദൈവദൂതൻ പറയും! എന്റെ നാഥാ എന്റെ ജനം ഈ ഖുർആനെ പുറം തള്ളിയ നിലയിൽ വിട്ടുകളഞ്ഞു (25:31) വായിക്കുന്നുണ്ടെങ്കിലും അതനുസരിച്ച് അവർ പ്രവർത്തിക്കുന്നില്ല.

ഇവിടെ ഓരോ അഹ്മദിയും ഇരുന്ന് ചിന്തിക്കേണ്ടതാണ്. നമ്മിൽ വിശുദ്ധഖുർആന്റെ ഭരണം നിലനാട്ടപ്പെടണം എന്ന് കരുതിക്കൊണ്ടാണ് നാം വാഗ്ദത്ത മസീഹിൽ വിശ്വസിച്ചിരിക്കുന്നത്. ഈ സുന്ദരമായ അധ്യാപനമനുസരിച്ച് നമ്മുടെ ജീവിതം നാം ചിട്ടപ്പെ

ടുത്തേണ്ടതാണ്. അതുകൊണ്ട് വിശുദ്ധഖുർആന്റെ പാരായണത്തിന് ശേഷം അതനുസരിച്ച് നാം പ്രവർത്തിക്കുക കൂടി ചെയ്യേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് ഇപ്രകാരം അരുളുന്നു.

ഓർക്കുക! വിശുദ്ധ ഖുർആൻ യഥാർത്ഥ അനുഗ്രഹങ്ങളുടെ ഉറവിടവും മോക്ഷത്തിനുള്ള യഥാർത്ഥമാർഗവും കൂടിയാണ്. വിശുദ്ധഖുർആനനുസരിച്ച് പ്രവർത്തിക്കാത്തത് അവരുടെ തെറ്റാണ്. അതനുസരിച്ച് പ്രവർത്തിക്കാത്തവരിൽ ഒരു വിഭാഗം അതിൽ തീരെ വിശ്വസിക്കാത്ത കൂട്ടരാണ്. അവരതിനെ അല്ലാഹുവിന്റെ വചനമായി മനസ്സിലാക്കുന്നില്ല. അവർ സന്മാർഗ്ഗത്തിൽനിന്നും വളരെ വിദൂരമാണ്. എന്നാൽ അല്ലാഹുവിന്റെ വചനമാണെന്ന് വിശ്വസിക്കുകയും മോക്ഷത്തിനുള്ള ക്ഷമനൗഷധമാണിതെന്ന് മനസ്സിലാക്കുകയും ചെയ്യുന്നവർ അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ എന്തുമാത്രം അമ്പരപ്പുളവാക്കുന്നതും ദുഖകരവുമായ കാര്യമാണ്. ഇങ്ങിനെയുള്ളവരിൽ പലരും ജീവിതത്തിൽ ഒരാവർത്തിപോലും അതിനെ വായിക്കാത്തവരായുണ്ട്. അല്ലാഹുവിന്റെ വചനത്തോട് ഇത്രമാത്രം അശ്രദ്ധ കാണിക്കുകയും അവജ്ഞ കാണിക്കുകയും ചെയ്യുന്ന വ്യക്തിയുടെ ഉദാഹരണം നല്ല തെളിനീരുള്ള സംശുദ്ധമായ ഒരു നീരുറവ ഇവിടെ ഉണ്ടെന്നും പല രോഗങ്ങൾക്കും അത് ശമനൗഷധമാണെന്നും ദൃഢജ്ഞാനമുള്ള ഒരു വ്യക്തി ദാഹിച്ച് പരവശനായിട്ടും വിവിധരോഗങ്ങളിൽ അടിമപ്പെട്ടവനായിട്ടും ആ നീരുറവയുടെ അടുത്ത് ചെല്ലാത്തവനെപ്പോലെയാണ്. അതിനടുത്ത് പോകാതെ വിട്ടുനിൽക്കുക എന്നത് അവന്റെ ദൗർഭാഗ്യമല്ലാതെ മറ്റെന്താണ്. ആ വ്യക്തി ചെയ്യേണ്ടിയിരുന്നത്, അതിന്റെ അടുത്ത്പോയി ആ നീരുറവയിൽനിന്ന് പാനം ചെയ്യുകയും അങ്ങിനെ ശീതളമായ ആ പാനീയം കുടിച്ച് തന്റെ ദാഹം ശമിപ്പിക്കുകയും തന്റെ രോഗശമനം വരുത്തി ആത്മനിർവ്യതി അടയുകയുമാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ അറിവുണ്ടായിട്ടുകൂടി അജ്ഞനെപ്പോലെ അതിൽനിന്നും അവൻ വിട്ടുനിൽക്കുകയാണ് ചെയ്യുന്നത്. മരണം വന്ന് അവനെ നശിപ്പിക്കുന്നതുവരെ അവൻ അതിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്യുന്നു. അങ്ങിനെയുള്ള വ്യക്തിയുടെ അവസ്ഥ വളരെ പരിതാപകരം തന്നെ. മുസ്ലീംകളുടെ ഇന്നത്തെ അവസ്ഥ ഈ രീതിയിലാണ്. എല്ലാ വിജയത്തിന്റേയും താക്കോൽ ഈ വിശുദ്ധഖുർആനാണെന്ന് അവർക്കറിയാം. ഇതനുസരിച്ചാണ് നാം പ്രവർത്തിക്കേണ്ടതെന്നും അറിയാം. എന്നിട്ടും ഇതിന്ന് ഒരു വിലയും കൽപിക്കുന്നില്ല. ഒരു വ്യക്തി വളരെ ആത്മാർത്ഥതയോടും സഹാനുഭൂതിയോടും കൂടി, മാത്രമല്ല അല്ലാഹുവിന്റെ കൽപനപ്രകാരം, അവന്റെ നിർദേശപ്രകാരം വിശുദ്ധഖുർആനിലേക്ക് ക്ഷണിക്കുമ്പോൾ ഇക്കൂട്ടർ അദ്ദേഹത്തെ കള്ളനും കറ്റുകെട്ടുകാരനുമാണെന്ന് പറഞ്ഞ് തള്ളിക്കളയുന്നു. (ഇത് ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്നെക്കുറിച്ചാണ് പറയുന്നത്, ഞാൻ മുസ്ലീംകളെ വിശുദ്ധഖുർആനിലേക്ക് വിളിക്കുമ്പോൾ ഇവർ ആ വിളി സ്വീകരിക്കുന്നതിന് പകരം കള്ളവാദിയും കറ്റുകെട്ടുകാരനും ദജ്ജാലുമായി ചിത്രീകരിക്കുന്നു.)

തുടരുന്നു: ഈ സമൂഹത്തിന്റെ അവസ്ഥയെക്കുറിച്ച് എന്തുപറയാൻ. മുസ്ലീംകൾ ചെയ്യേണ്ടിയിരുന്നതും ഇപ്പോൾ അവർക്ക് ചെയ്യാനുള്ളതും മറ്റൊന്നുമല്ല. അവർ ഈ നീരുറവയെ വിലമതിക്കട്ടെ. അതിന്റെ മഹത്വം മനസ്സിലാക്കട്ടെ. അതിനെ വിലമതിക്കുക എന്നതിന്റെ അർത്ഥം ഇതനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. ഇങ്ങിനെ അവർ ചെയ്താൽ അല്ലാഹു അവരെ വിപത്തുകളിൽ നിന്നും പ്രയാസങ്ങളിൽനിന്നും രക്ഷപ്പെടുത്തുന്നതെങ്ങിനെയാണെന്ന് അവർക്ക് മനസ്സിലാകുന്നതാണ്. മുസ്ലീംകൾ ഈ കാര്യം മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായേനെ. അല്ലാഹു അവർക്ക് ഒരു സന്മാർഗം കാണിച്ചു കൊടുത്തിരിക്കുന്നു. അതിലൂടെ അവർ നടന്നിരുന്നെങ്കിൽ തീർച്ചയായും അവർക്ക് പ്രയോജനം ലഭിക്കുമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) മുസ്ലീംകളുടെ ഏതൊരവസ്ഥയാണോ ഇവിടെ വിവരിച്ചിട്ടുള്ളത്, അത് മുന്നിൽ വെച്ചുകൊണ്ട് നാം വിശുദ്ധഖുർആനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ ശ്രമിക്കേണ്ടതാണ്. ഇതുമുഖേന, മുസ്ലീം കക്ഷികളുടെ ചില നിലപാടു കാരണം അമുസ്ലീംകൾക്ക് ഇസ്ലാമിനെ ആക്ഷേപിക്കാൻ അവസരം ലഭിച്ചത് ഇല്ലാതായിത്തീരേണ്ടതാണ്. അഹ്മദികളുടെ പ്രവർത്തനങ്ങൾ കണ്ട്കൊണ്ട് അവർക്ക് അവരുടെ നിലപാടുകൾ മാറ്റാൻ സാധിക്കുമാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികൾ വിശുദ്ധഖുർആന്റെ മനോഹരമായ അദ്ധ്യാപനത്തെ ജനസമക്ഷം സമർപ്പിക്കുമ്പോൾ (മീറ്റിംങ്ങുകളിലും മറ്റു പലരും ഇസ്ലാമിന്റെ സന്ദേശം കേൾപ്പിക്കാറുണ്ട്) അന്യർ ഏകസ്വരത്തിൽ പറഞ്ഞിട്ടുള്ളത് ഈ രീതിയിൽ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾ ഞങ്ങൾ ആദ്യമായാണ് കേൾക്കുന്നതെന്നാണ്. ഇത് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുകയാണെങ്കിൽ വെറും അദ്ധ്യാപനങ്ങൾ കേൾപ്പിക്കുന്നവർ മാത്രമാകാതെ അതിന്റെ മാതൃക നിലനാട്ടുന്നവരായിത്തീരുകയും ചെയ്യുന്നതാണ്. അതോടൊപ്പം മുസ്ലീംകളിൽ ഈ അദ്ധ്യാപനം എത്തിക്കുന്നതിനായി അഹ്മദികൾ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. അവരോട് ഇപ്രകാരം പറയുക; നിങ്ങൾക്ക് ഞങ്ങളോട് അഭിപ്രായഭിന്നതയുണ്ടെങ്കിൽകൂടി ഞങ്ങൾക്ക് പറയാനുള്ളത് നിങ്ങൾ ഇസ്ലാമിന്റെ പരിപൂർണ്ണ അദ്ധ്യാപനത്തെ കളങ്കപ്പെടുത്തരുതെന്നാണ്. നിങ്ങളുടെ രക്ഷയുടെ മാർഗം വിശുദ്ധഖുർആനിലാണുള്ളത്. അതിനെ അംഗീകരിക്കുന്നവരാണെന്ന് പറയുക മാത്രം ചെയ്യാതെ അതിന്റെ അദ്ധ്യാപനങ്ങളെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ അവസ്ഥകൾ മുസ്ലീംകൾക്കിടയിൽ ഇന്നും നിലനിൽക്കുന്നു. അത്കൊണ്ട് അവരുടെ വഴികാട്ടിയായി വിശുദ്ധഖുർആനെ സ്വീകരിക്കാത്തിടത്തോളം കാലം ഈ ദുർഘടാവസ്ഥയിൽനിന്നും മുസ്ലീംകൾക്ക് ഒരിക്കലും മോചനം ലഭിക്കുന്നതല്ല. ഇസ്ലാം എന്ന് പറഞ്ഞതുകൊണ്ട് ഇസ്ലാം ആയിത്തീരുമോ? ഇസ്ലാമിന്റെ സൗന്ദര്യം അതിന്റെ മനോഹരമായ അദ്ധ്യാപനങ്ങളിലൂടെ സ്വയം പ്രത്യക്ഷമാകന്നതാണ്. അല്ലാഹുവിൽനിന്ന് വിശുദ്ധഖുർആന്റെ വ്യഖ്യാനം പഠിപ്പിക്കപ്പെടാത്ത പണ്ഢിതന്മാർക്ക് വിശുദ്ധഖുർആനെ വ്യാഖ്യാനിക്കാൻ കഴിയില്ല. ഇക്കാലത്ത് ഇവർ ദജ്ജാലും കദ്ദാബും എന്നൊക്കെ പറയുന്ന വ്യക്തിക്കാണ് അല്ലാഹു അത് പഠിപ്പിച്ചു കൊടുത്തത്. അല്ലാഹു ഇവരോട് കരുണ ചൊരിയുമാറാകട്ടെ. ഇവർക്ക് ബുദ്ധി നൽകുമാറാകട്ടെ. അല്ലാഹു നമുക്ക് നേരത്തേക്കാളുപരി വിശുദ്ധഖുർആൻ പാരായണം ചെയ്യാനും അതിന്റെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കുവാനുമുള്ള തൗഫീഖ് നൽകുമാറാകട്ടെ. വിശുദ്ധഖുർആന്റെ ആദരവ് ലോകത്ത് നിലനിറുത്തുന്നവരായി നാം മാറട്ടെ. അതിനെ എപ്പോഴും മുന്തിക്കുന്നവരായി നാം മാറട്ടെ.

വിശുദ്ധഖുർആന്റെ ഉന്നതസ്ഥാനത്തെക്കുറിച്ച് വിവരിച്ചിട്ടുള്ള ചില ഖുർആൻ വചനങ്ങൾ ഞാൻ കേൾപ്പിക്കാം. ഞാൻ പറയാൻ ഉദ്ദേശിക്കുന്ന വിഷയം ഇന്ന് ഒരു പക്ഷെ പൂർത്തിയായെന്നു വരില്ല. വിശുദ്ധഖുർആന്റെ വ്യാഖ്യാനം ഒരിക്കലും അവസാനിക്കുകയില്ല. ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ച് അതിനെക്കു

റിച്ച് പഠിക്കുമ്പോൾ പല കാര്യങ്ങളും അവർക്ക് വെളിപ്പെട്ടുകൊണ്ടിരിക്കുന്നതാണ്.

വിശുദ്ധഖുർആൻ പാരായണ മര്യാദകൾ എന്തെല്ലാമാണെന്ന് നമുക്ക് ആദ്യം നോക്കാം: വിശുദ്ധ ഖുർആൻ പഠനം ആരംഭിക്കുന്നതിനുമുമ്പേ നാം നമ്മുടെ ചിന്തകളെ പരിശുദ്ധമാക്കേണ്ടതാണ്. ഇതുസംബന്ധമായി അല്ലാഹു പറയുന്നു.

فَاِذَا قَرَاْتَ الْقُرْاٰنَ فَاسْتَعِذْ بِاللّٰهِ مِنَ

الشَّيْطٰنِ الرَّجِيْمِ ﴿٩٩﴾ (16:99)

അതുകൊണ്ട് നീ ഖുർആൻ പാരായണം ചെയ്യുമ്പോൾ ശപിക്കപ്പെട്ട പിശാചിൽനിന്നും അല്ലാഹുവിങ്കൽ അഭയംപ്രാപിക്കുക.(16:99)

മനുഷ്യനെ തഖ്‌വയുടെ മാർഗത്തിൽനിന്നും ഞാൻ അകറ്റുന്നതാണെന്ന പ്രഖ്യാപനം ശൈത്വാൻ നടത്തിയിട്ടുള്ളതാണ്. വിശുദ്ധ ഖുർആനിലെ ഓരോ വചനവും തന്നെ അല്ലാഹുവിലേക്ക് കൊണ്ടുപോകുന്നതും തഖ്‌വയിലേക്ക് വഴികാട്ടുന്നതുമാണ്. അതുകൊണ്ടാണ് അല്ലാഹു പറയുന്നത്; നിങ്ങൾക്ക് അല്ലാഹുവിന്റെ സാമീപ്യത്തിന്റെ നിലവാരം തരസ്ഥമാകണമെന്ന് ആഗ്രഹമുണ്ടെങ്കിൽ വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്ന അധ്യാപനങ്ങളെ മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിയണമെങ്കിൽ വിശുദ്ധഖുർആൻ പഠനം ആരംഭിക്കുന്നതിനു മുമ്പേ അല്ലാഹുവിനോട് ശൈത്വാനിക സന്ദേഹങ്ങളിൽ നിന്നും അക്രമത്തിൽ നിന്നും രക്ഷ പ്രാപിക്കാനായി തേടുക. ഈ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാനുള്ള തൗഫീഖ് ലഭിക്കാനായും പ്രാർത്ഥിക്കുക. ഈ അമൂല്യ ഭണ്ഢാരത്തിലേക്ക് എത്തിച്ചേരുന്നതിൽനിന്നും തടയുന്നതിനായി ശൈത്വാൻ ആയിരക്കണക്കിന് തടസ്സങ്ങൾ ഉണ്ടാക്കുന്നതാണ്. ശൈത്വാനിൽനിന്നും രക്ഷപ്പെടാനുള്ള ദുആ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിന്റെ സന്ദേശം ശ്രവിക്കുന്നതിൽനിന്നും എപ്പോഴാണ് ശൈത്വാൻ നിങ്ങളെ തടയുക എന്നതു തന്നെ നിങ്ങൾ അറിയാതെ പോകും. ഇത് അല്ലാഹുവിന്റെ വചനമാണെന്നത് ശരിതന്നെ. ശൈത്വാന്റെ കരവലയത്തിൽ നിങ്ങൾ അകപ്പെട്ടുപോയാൽ ഈ ഗ്രന്ഥം നിങ്ങൾക്ക് വഴികാട്ടിയായിത്തീരില്ല. അതുകൊണ്ട് ഇത് പഠിക്കാൻ തുടങ്ങുമ്പോൾതന്നെ അല്ലാഹുവിന്റെ കരവലയത്തിൽ വരിക. മറ്റൊരു സ്ഥലത്ത് പറയുന്നത് وَلَا يَزِيْدُ الظّٰلِمِيْنَ اِلَّا خَسَارًا ﴿٨٣﴾ എന്നാണ് . അക്രമികൾക്ക് ഇത് നഷ്ടം മാത്രമേ വർദ്ധിപ്പിക്കുന്നുള്ളൂ. (17:83) ഇത് വിശ്വാസികൾക്കാണ് പ്രയോജനം നൽകുന്നത്.

അല്ലാഹു പറയുന്നു

وَاللّٰهُ يُقَدِّرُ الَّيْلَ وَالنَّهَارَ ؕ عَلِمَ اَنْ لَّنْ تُحْصُوْهُ

فَتَابَ عَلَيْكُمْ فَاقْرَءُوْا مَا تَيَسَّرَ مِنَ الْقُرْاٰنِ ؕ عَلِمَ

اَنْ سَيَكُوْنُ مِنْكُمْ مَّرْضٰى ۙ وَاٰخَرُوْنَ يَضْرِبُوْنَ

فِى الْاَرْضِ يَبْتَغُوْنَ مِنْ فَضْلِ اللّٰهِ ۙ وَاٰخَرُوْنَ

يُقَاتِلُوْنَ فِىْ سَبِيْلِ اللّٰهِ ۖ فَاقْرَءُوْا مَا تَيَسَّرَ مِنْهُ ۙ (73:21)

ദിനരാത്രങ്ങൾ നിർണ്ണയിക്കുന്നത് അല്ലാഹുവാണ്. നിങ്ങൾക്കതിന്റെ അളവ് കൃത്യമായി കണക്കാക്കാൻ സാധ്യമല്ലെന്ന് അവനറിയാം. അതുകൊണ്ട് അവൻ നിങ്ങളോട് കനിഞ്ഞിരിക്കുന്നു. അതിനാൽ നിങ്ങൾ, ഖുർആനിൽനിന്ന് സൗകര്യപ്പെട്ടത് ഓതുക. നിങ്ങളിൽ ചില രോഗികളുണ്ടാകുമെന്ന് അവനറിയാം. മറ്റു ചിലർ അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് ഉപജീവനം അന്വേഷിച്ചുകൊണ്ടു) യാത്ര ചെയ്യുന്നവരും വേറെ ചിലർ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവരും ഉണ്ടാകുമെന്നും (അവനറിയാം) അതുകൊണ്ട് ഖുർആനിൽനിന്ന് സൗകര്യപ്പെട്ടത് നിങ്ങൾ ഓതുക. (73:21)

ഇതിനു തൊട്ടു മുമ്പ് തഹജ്ജുദ് നമസ്കാരത്തെക്കുറിച്ച് പറയുന്നുണ്ട്. അല്ലാഹു പറയുന്നത് അതിൽ നിങ്ങൾക്ക് ഓർമ്മയുള്ള ഖുർആൻ ഭാഗം ഓതുക എന്നാണ്. ഇതു കൂടാതെ വിശുദ്ധ ഖുർആൻ കഴിയുന്നത്ര പഠന വിധേയമാക്കേണ്ടതാണ്. ഇതായിരിക്കണം ഒരു വിശ്വാസിയുടെ ജോലി. تَيَسَّرَ مِنَ الْقُرْاٰنِ എന്നതിൽനിന്നും ഓർമ്മയുള്ളത് മതി, കൂടുതലൊന്നും മനപാഠമാക്കേണ്ട ആവശ്യമില്ലെന്ന് ധരിക്കരുത്. കഴിവനുസരിച്ച് പഠനത്തിൽ മുന്നേറാൻ ശ്രമിക്കേണ്ടതാണ്. മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നത് فَاسْتَبِقُوا الْخَيْرٰتِ എന്നാണ്. നന്മയിൽ നിങ്ങൾ മുന്നേറുക. വിശുദ്ധഖുർആനിൽ പറഞ്ഞ നന്മകൾ എന്താണെന്നറിയുമ്പോഴാണ് നമുക്കതിൽ മുന്നേറാൻ സാധിക്കുകയുള്ളൂ. അത്കൊണ്ട് ഖുർആൻ പാരായണം ചെയ്യുകയും പഠിക്കുകയും ചെയ്യുക എന്നതും അതിനെക്കുറിച്ച് ചിന്തിക്കുക എന്നതും അത്യാവശ്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ഇപ്രകാരം ഒരു ഇൽഹാം ഉണ്ടായി. اَلْخَيْرُ كُلُّهٗ فِى الْقُرْاٰنِ

എല്ലാ നന്മകളും അനുഗ്രഹങ്ങളും വിശുദ്ധഖുർആനിൽ അടങ്ങിയിരിക്കുന്നു. ചുരുക്കത്തിൽ കഴിവിന്റെ പരമാവധി ഇത് പഠിക്കാൻ ശ്രമിക്കേണ്ടതാണ്. രോഗിയോ, യാത്രയിലോ ആണെങ്കിൽ അവസ്ഥ അനുസരിച്ച് നമസ്കാരം ചെറുതാക്കി നമസ്കരിക്കാവുന്നതാണ്.

അല്ലാഹു പറയുന്നു اَوْ زِدْ عَلَيْهِ وَرَتِّلِ الْقُرْاٰنَ تَرْتِيْلًا ۝

അല്ലെങ്കിൽ അതിനേക്കാൾ (അല്പം സമയം) കൂടുതലാക്കുക. ഖുർആൻ ഭംഗിയായി ഓതുക(73:5) മനസ്സിലാകുന്ന രീതിയിൽ ഓരോ വാക്കും വെളിവാകുന്ന രീതിയിൽ പാരായണം ചെയ്യുകയും ഭംഗിയായി പാരായണം ചെയ്യുക. വേഗത്തിൽ ഓതി രക്ഷപ്പെടുക എന്നതല്ല. തറാവീഅ് നമസ്കാരത്തിൽ അനഹ്മദികളിൽ ചിലർ വളരെ വേഗത്തിൽ പാരായണം ചെയ്യുന്നു. അതുകാരണം ഒന്നും മനസ്സിലാകുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു. ഭംഗിയായി വിശുദ്ധ ഖുർആൻ ഓതുന്നതും ഇബാദത്താണ്. ഒരു ഹദീസിൽ വരുന്നു. സഈദ്ബ്നു അബീസഈദ് (റ) രിവായത്ത് ചെയ്യുന്നു. റസൂലില്ലാഹി (സ.അ) ഇപ്രകാരം അരുളി. വിശുദ്ധഖുർആനെ ഭംഗിയായി പാരായണം ചെയ്യാത്തവൻ നമ്മിൽ പെട്ടവനല്ല.

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു

وَاذْكُرُوْا نِعْمَتَ اللّٰهِ عَلَيْكُمْ وَمَآ اَنْزَلَ

عَلَيْكُمْ مِّنَ الْكِتٰبِ وَالْحِكْمَةِ يَعِظُكُمْ

بِهٖ ؕ وَاتَّقُوا اللّٰهَ (2:232)

അല്ലാഹു നിങ്ങൾക്ക് ചെയ്തിട്ടുള്ള അനുഗ്രഹത്തേയും അവൻ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്ന ഗ്രന്ഥത്തേയും തത്ത്വജ്ഞാനത്തേയും നിങ്ങൾ സ്മരിക്കുക. അതുമുഖേന അവൻ നിങ്ങളെ ഉപദേശിക്കുന്നു. (2:232) വിശുദ്ധഖുർആനിലുള്ള ഓരോന്നും അല്ലാഹു നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്ന അനുഗ്രഹങ്ങളാണ്. നാം ഇറക്കിയിരിക്കുന്ന ഈ അനുഗ്രഹത്തിൽ പല കൽപനകളുമുണ്ട് ,അതിനെക്കുറിച്ച് നിങ്ങൾ ചിന്തിക്കുക എന്ന് സൂറത്തുന്നൂറിലെ തുടക്കത്തിൽ തന്നെ അല്ലാഹു പറയുന്നുണ്ട്. ഇത് പഠിക്കാത്തിടത്തോളം കാലം ഈ അനുഗ്രഹങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങൾക്ക് ലഭി

ക്കുന്നതല്ല. വിശുദ്ധഖുർആൻ പഠിക്കുക എന്നത് ഉപദേശം കരസ്ഥമാക്കലാണ്. ഇത് ഒരു വിശ്വാസിക്ക് നിർബന്ധമാണ്. ഇതാണ് മനുഷ്യനെ തഖ്‌വയിൽ മുന്നോട്ട് കൊണ്ടു പോകുന്നത്.

അല്ലാഹു മറ്റൊരു സ്ഥലത്ത് പറയുന്നു

كِتٰبٌ اَنْزَلْنٰهُ اِلَيْكَ مُبٰرَكٌ لِّيَدَّبَّرُوْٓا
اٰيٰتِهٖ وَلِيَتَذَكَّرَ اُولُوا الْاَلْبَابِ ۝٣٠ (38:30)

ഈ ഗ്രന്ഥം നാം നിനക്ക് അവതരിപ്പിച്ചുതന്നതാണ്. ഇത് അനുഗ്രഹീതമാണ്. അവർ ഇതിലെ വചനങ്ങൾ ചിന്തിച്ച് മനസ്സിലാക്കുവാനും ബുദ്ധിമാന്മാർ ഉപദേശം കരസ്ഥമാക്കുവാനും വേണ്ടി. (38:30) ഖുർആൻ അംഗീകരിക്കുന്നവരും പഠിക്കുന്നവരും ബുദ്ധിമാന്മാരാണ്. കാരണം ഈ ഗ്രന്ഥത്തിൽ മുൻ പ്രവാചകന്മാരുടെ വൃത്താന്തം അടങ്ങിയിരിക്കുന്നു. ആ കാലഘട്ടത്തിന് ആവശ്യമായ കാര്യങ്ങൾ അല്ലാഹു സംരക്ഷിച്ചിട്ടുണ്ട്. അതേപോലെ ഇപ്പോൾ ആവശ്യമായിട്ടുള്ളതും ഭാവിയിൽ ആവശ്യമായി വരുന്നതുമായ അറിവുകൾ അല്ലാഹു ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.അതെല്ലാം തിരുനബി (സ.അ) ക്ക് ഇറക്കിക്കൊടുക്കുകയുണ്ടായി. നിങ്ങൾ ചിന്തിക്കുന്നില്ലേ? എന്ന വിശുദ്ധഖുർആന്റെ പ്രഖ്യാപനം ലോകത്തോട് പറയണമെങ്കിൽ നാം ഈ ഗ്രന്ഥത്തെ അനുഗമിക്കുന്നവരാകണം.

തിലാവത്ത് എങ്ങനെ കേൾക്കണം എന്നതിനെക്കുറിച്ച് അല്ലാഹു പറയുന്നു

وَاِذَا قُرِئَ الْقُرْاٰنُ فَاسْتَمِعُوْا لَهٗ وَاَنْصِتُوْا
لَعَلَّكُمْ تُرْحَمُوْنَ ۝٢٠٥ (7:205)

ഖുർആൻ പാരായണം ചെയ്യപ്പെടുമ്പോൾ അത് ശ്രദ്ധാപൂർവ്വം കേൾക്കുകയും നിശ്ശബ്ദരായിരിക്കുകയും ചെയ്യുക, നിങ്ങളിൽ കരുണ ചെയ്യപ്പെടുന്നതിന്‌വേണ്ടി.(7:205) വിശുദ്ധ ഖുർആനോട് ഈ ഒരാദരവ് ഓരോ അഹ്‌മദിക്കും ഉണ്ടായിരിക്കേണ്ടതാണ്. തങ്ങളുടെ മക്കൾക്കും ഇതിന്റെ പ്രാധാന്യം വിവരിച്ചുകൊടുക്കേണ്ടതാണ്. ചിലർ തിലാവത്ത് നടക്കുമ്പോൾ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നു. ചിലപ്പോൾ ടി.വി യിൽ തിലാവത്ത് വരുന്നുണ്ടാകും. അപ്പോൾ വീട്ടിൽ ടി.വി.തുറന്ന് വെച്ച് അത് ശ്രദ്ധിക്കാതെ മറ്റുകാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയായിരിക്കും. തിലാവത്ത് കേട്ടാൽ ഒന്നുകിൽ മിണ്ടാതിരിക്കുക, ഇനി സംസാരം അത്രയും അത്യാവശ്യമാണെങ്കിൽ ടി.വി ഓഫ് ചെയ്യുക. അന്യരെക്കുറിച്ചും പറയുന്നത് അവർ ശ്രദ്ധാപൂർവ്വം ഈ വചനങ്ങളെ കേൾക്കുകയാണെങ്കിൽ അവർക്കും ഫലം ചെയ്യും എന്നാണ്. ഈ അദ്ഭുതകരമായ ഖുർആനെ കേൾക്കുന്നതു കാരണം അല്ലാഹു അവരോട് കരുണ ചെയ്യുകയും ,അവർക്ക് ഹിദായത്തിനുള്ള മാർഗം തുറന്ന് കൊടുക്കുകയും ചെയ്യുന്നതാണ്. അതുകൊണ്ട് നിശബ്ദരായി അല്ലാഹുവിന്റെ വചനങ്ങളെ കേൾക്കുകയും അതിനെ മനസ്സിലാക്കുകയും ചെയ്യുക. അല്ലാഹുവിന്റെ കാരുണ്യം കൂടുതലായി സ്വരുക്കൂട്ടാൻ പരിശ്രമിക്കുകയും ചെയ്യുക

അല്ലാഹു പറയുന്നു.

فَاسْتَقِمْ كَمَآ اُمِرْتَ وَمَنْ تَابَ مَعَكَ
وَلَا تَطْغَوْا ۭ اِنَّهٗ بِمَا تَعْمَلُوْنَ بَصِيْرٌ ۝١١٣ (11:113)

അതുകൊണ്ട് നീയും നിന്നോടൊപ്പം പശ്ചാത്തപിച്ച് മടങ്ങിയവരും നിന്നോട് ശാസിക്കപ്പെട്ട പ്രകാരം നേർവഴിയിൽ ഉറച്ചുനിൽക്കുക. നിങ്ങൾ പരിധികൾ ലംഘിക്കരുത്. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നത് അവൻ നല്ലപോലെ കാണുന്നവനത്രെ. (11:113)

ഈ കൽപന തിരുനബിക്ക് മാത്രമുള്ളതല്ല. വിശ്വാസികളെയും തൗബ ചെയ്യുന്നവരേയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിങ്ങൾ എല്ലാ കൽപനകളും അനുസരിച്ച് പ്രവർത്തിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക. ഒരു കാര്യം ഓർമ്മ വെക്കുക. ഇബാദത്തുകളിൽ മാത്രം ആശ്രയിക്കാതെ അതിന്റെ കഴമ്പ് അഥവാ ദൈവപ്രീതി കരസ്ഥമാക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കുക.

നാം നമ്മുടെ മക്കളെ ഈ ഖുർആനുമായി ബന്ധപ്പെടുന്നവരും ഇതിനെക്കുറിച്ച് പഠനം നടത്തുന്നവരും ദൈവപ്രീതി കരസ്ഥമാക്കുന്നവരുമായിത്തീരാൻ പരിശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് ഇപ്രകാരം അരുളുന്നു.

ഹിന്ദുക്കൾ മരണത്തെക്കുറിച്ച് ചിന്തിക്കുന്ന അത്രയും മുസ്‌ലീംകൾ മരണത്തെക്കുറിച്ച് ചിന്തിക്കാത്തത് കാണുമ്പോൾ എനിക്ക് ദുഖം തോന്നാറുണ്ട്. റസൂലുല്ലാഹി (സ.അ) തിരുമേനിയെ നോക്കു. فَاسْتَقِمْ كَمَآ اُمِرْتَ എന്ന ഒരൊറ്റ കൽപന തിരുനബിയെ വൃദ്ധനാക്കിക്കളയുകയുണ്ടായി. മരണത്തെക്കുറിച്ചുള്ള ചിന്തയായിരുന്നു അത്. എന്തുകൊണ്ട് തിരുനബിക്ക് ഈ ഒരവസ്ഥ നേരിട്ടു. നാം പാഠം ഉൾക്കൊള്ളുന്നതിനു വേണ്ടിയാണിത്. തിരുനബി (സ.അ) യുടെ പരിശുദ്ധവും പരിപാവനവുമായ ജീവിതത്തിന് മറ്റുവലിയ തെളിവുകളുടെ ആവശ്യമെന്തിരിക്കുന്നു. കാരണം അല്ലാഹു ആ മഹാത്മാവിനെ പരിപൂർണ്ണ വഴികാട്ടിയാക്കുകയും ഖിയാമത്ത് നാൾ വരേ ലോകം മുഴുവനുമുള്ളവർക്ക് ദൈവമാർഗം കാണിച്ചു കൊടുക്കുന്ന വ്യക്തിയാക്കുകയുമുണ്ടായി. തിരുനബി (സ.അ) യുടെ ജീവിത സംഭവങ്ങളെല്ലാം തന്നെ തന്റെ അദ്ധ്യാപനങ്ങളുടെ പ്രവർത്തനരൂപമാണ്. വിശുദ്ധഖുർആൻ അല്ലാഹുവിന്റെ വചനങ്ങളും പ്രകൃതിനിയമം അല്ലാഹുവിന്റെ പ്രവർത്തനങ്ങളും ആയതുപോലെ റസൂലുല്ലാഹി (സ.അ) യുടെ ജീവിതം വിശുദ്ധ ഖുർആന്റെ ഒരു പ്രവർത്തന രൂപവും അതിന്റെ വ്യാഖ്യാനവും വിശദീകരണവുമാകുന്നു.

ഇതിനെ ഒന്നുകൂടി വിശദീകരിക്കുന്നുണ്ട്.

റസൂലുല്ലാഹി (സ.അ) ജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകിക്കൊണ്ട് പറഞ്ഞു. എന്നെ ഹൂദ് എന്ന അദ്ധ്യായം വൃദ്ധനാക്കിക്കളഞ്ഞിരിക്കുന്നു. ഈ കൽപനപ്രകാരം ഭാരിച്ച ഉത്തരവാദിത്വമാണ് എന്നിൽ അർപ്പിതമായിരിക്കുന്നത്. സ്വയം ശരിയാക്കുകയും അല്ലാഹുവിന്റെ കൽപനകളെ പൂർണ്ണമായും അനുസരിക്കുക എന്നതും ഒരു വ്യക്തിയെ സംബന്ധിച്ചെടത്തോളം സ്വയം ചെയ്യാൻ സാധിക്കുന്നതാണ്. എന്നാൽ മറ്റുള്ളവരേയും അതേപോലെ ആക്കിത്തീർക്കുക എന്നത് വളരെ ശ്രമകരമായ പ്രവർത്തിയാണ്. ഇവിടെയാണ് നമ്മുടെ പ്രവാചകർ (സ.അ) യുടെ അത്യുന്നതസ്ഥാനവും വിശുദ്ധീകരിക്കാനുള്ള കഴിവും പ്രകടമാകുന്നത്. തിരുനബി(സ.അ) ഈ കൽപനയേയും പൂർണ്ണമായും നിറവേറ്റുകയുണ്ടായി. തിരുനബി (സ.അ) സഹാബത്തിന്റെ പരിശുദ്ധമായ ഒരു ജമാഅത്തിനെ വാർത്തെടുക്കുകയും അവർക്ക് كُنْتُمْ خَيْرَ اُمَّةٍ اُخْرِجَتْ لِلنَّاسِ എന്ന സവിശേഷ സ്ഥാനം ലഭിക്കുകയും رَضِيَ اللّٰهُ عَنْهُمْ وَرَضُوْا عَنْهُ എന്ന ശബ്ദം അവർ കേൾക്കുകയും ചെയ്തു. തിരുനബി(സ)യുടെ ജീവിതകാലത്ത് ഒരു കപടവിശ്വാസി പോലും മദീനയിൽ അവശേഷിച്ചിരുന്നില്ല. മറ്റൊരു പ്രവാചകന്റെ ജീവിതത്തിലും കാണാൻ സാധിക്കാത്ത തരത്തിലുള്ള ശ്രേഷ്ഠത തിരുനബിയുടെ ജീവിത

ത്തിൽ കാണാൻ സാധിക്കുന്നു. ഇതിൽനിന്നും അല്ലാഹു ഉദ്ദേശി ക്കുന്നത് വെറും വാചകമടിയിൽ മാത്രം കാര്യങ്ങൾ ഒതുക്കരുതെ ന്നാണ്. അങ്ങിനെയാണെങ്കിൽ നാമും മറ്റുള്ളവരും തമ്മിൽ വ്യത്യാ സമെന്ത്? മറ്റുള്ളവരിൽനിന്നും നമുക്കെന്തു ശ്രേഷ്ഠത?

നാം വെറും വാചകമടിയിൽ കാര്യങ്ങൾ ഒതുക്കാതെ അല്ലാഹു വിന്റെ കൽപനകൾ മനസ്സിലാക്കി അതനുസരിച്ച് നമ്മുടെ ജീവി തത്തെ ക്രമപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. അല്ലാഹു കൽപിക്കു ന്നത് ഇതാണ്. പറയുന്നു

وَهٰذَا كِتٰبٌ اَنْزَلْنٰهُ مُبٰرَكٌ فَاتَّبِعُوْهُ
وَاتَّقُوْا لَعَلَّكُمْ تُرْحَمُوْنَ ۝١٥٦

നാം ഇറക്കിയ അനുഗ്രഹീതഗ്രന്ഥമാണിത്. അതുകൊണ്ട് നിങ്ങ ൾക്ക് കരുണ ചെയ്യപ്പെടുന്നതിനായി നിങ്ങൾ അതിനെ പിൻപറ്റു കയും ദോഷബാധയെ സൂക്ഷിച്ചുകൊള്ളുകയും ചെയ്യുക. (6:156)

അല്ലാഹു പറയുന്നു

وَاِذَا جَآءَكَ الَّذِيْنَ يُؤْمِنُوْنَ بِاٰيٰتِنَا فَقُلْ
سَلٰمٌ عَلَيْكُمْ كَتَبَ رَبُّكُمْ عَلٰى نَفْسِهِ
الرَّحْمَةَ ۙ اَنَّهٗ مَنْ عَمِلَ مِنْكُمْ سُوْٓءًا ۢ
بِجَهَالَةٍ ثُمَّ تَابَ مِنْ ۢ بَعْدِهٖ وَاَصْلَحَ فَاَنَّهٗ
غَفُوْرٌ رَّحِيْمٌ ۝٥٥

നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവർ നിന്റെയടുക്കൽ വന്നാൽ നിങ്ങൾക്ക് സമാധാനം ഉണ്ടാകട്ടെ; നിങ്ങളുടെ നാഥൻ കാരുണ്യത്തെ തന്റെ ബാധ്യതയാക്കി വെച്ചിരിക്കുന്നുവെന്നു പറയു ക. അതായത് നിങ്ങളിൽനിന്ന് ആരെങ്കിലും അജ്ഞത നിമിത്തം തിന്മ ചെയ്യുകയും എന്നിട്ട് അതിനുശേഷം പശ്ചാത്തപിച്ച് മടങ്ങു കയും സ്വയം തിരുത്തി നന്നാവുകയും ചെയ്യുന്നതായാൽ (അവൻ പൊറുത്തു തരും) അവൻ സർവ്വഥാ പൊറുക്കുന്നവനും കരുണാമ യനുമാകുന്നു (6:55)

ഈ അദ്ധ്യാപനങ്ങൾ സമൂഹത്തിന്റെ സൗന്ദര്യത്തെ വർദ്ധിപ്പിക്കു ന്നു. പരസ്പരം സമാധാനസന്ദേശങ്ങൾ അയക്കുന്ന സമൂഹത്തിൽ പരസ്പരമുള്ള പിണക്കവും പരാതികളും അകൽച്ചകളും എല്ലാം സ്വയം അവസാനിക്കുന്നതാണ്. അവസാനിക്കേണ്ടതുമാണ്. സഹോ ദരന്മാർ തമ്മിലുള്ള പിണക്കം ഇല്ലാതായി രഞ്ജിപ്പുണ്ടായിത്തീരേ ണ്ടതാണ്. അഹ്മദികളാണ് നാമെന്നും വിശുദ്ധഖുർആനിൽ ഞങ്ങൾ വിശ്വസിക്കുന്നവരാണെന്നുമുള്ള വാദമാണ് നമ്മുടേത്. ഖുർആൻ പറയുന്നത് നിങ്ങൾ പരസ്പരം സമാധാനസന്ദേശം അയക്കുക എന്നാണ്. എന്നാൽ നമുക്കിടയിൽതന്നെ വെറുപ്പ് പരക്കുന്നത് കാണുന്നു. അത്കൊണ്ട് വിശുദ്ധ ഖുർആന്റെ അത്യുത്കൃഷ്ടമായ അദ്ധ്യാപനങ്ങളെ നിസാരകാര്യങ്ങൾക്കായി ബലികൊടുക്കരുത്. ഓരോ അഹ്മദിയും വിശുദ്ധഖുർആൻ പഠിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും പരിശ്രമിക്കേണ്ടതാണ്. ഈ ഗ്രന്ഥത്തിൽ എല്ലാ വശങ്ങളും പരാമർശിച്ചിട്ടുണ്ട്.സമൂഹത്തിൽ സമാധാനം സ്ഥാപിക്കു ന്നതിന് വേണ്ടിയും ആത്മീയ അഭിവൃദ്ധിക്കുവേണ്ടിയും ദൈവസാ മീപ്യം കരസ്ഥമാക്കുന്നതിനുവേണ്ടിയും വിശുദ്ധഖുർആന്റെ കൽപ നകൾ പാലിച്ച് ജീവിക്കേണ്ടത് അനിവാര്യമാണ്. ഈ കൽപനകൾ അറിയണമെങ്കിൽ നാം സ്ഥിരമായി ഖുർആൻ പഠിക്കുന്നവരും അതിനെക്കുറിച്ച് ചിന്തിക്കുന്നവരും ആയാൽ മാത്രമേ സാധ്യമാകു കയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു.

വിശുദ്ധഖുർആനിൽ ഗാഢമായി ചിന്തിക്കുക. അതിൽ എല്ലാ മുണ്ട്. നന്മതിന്മകളെക്കുറിച്ചുള്ള വിശദീകരണം അതിൽ കാണാം. ഭാവികാലത്തെക്കുറിച്ചുള്ള വാർത്തകൾ അതിൽ അടങ്ങിയിരി ക്കുന്നു. ഒരുവിധ ആക്ഷേപത്തിനും പഴുതില്ലാത്ത മതത്തേയാണ് അത് സമർപ്പിക്കുന്നതെന്ന കാര്യം ശരിക്കും മനസ്സിലാക്കുക. കാര ണം അതിന്റെ അനുഗ്രഹങ്ങളും ഫലങ്ങളും പുതുമയോടെ ലഭി ച്ചുകൊണ്ടിരിക്കുന്നു. ഇഞ്ചീലിൽ മതത്തെ പൂർണ്ണമായ രീതിയിൽ അവതരിപ്പിച്ചിട്ടില്ല. അതിന്റെ അദ്ധ്യാപനങ്ങൾ അതിറങ്ങിയ കാല ത്തിനനുയോജ്യമായിരിക്കും. എന്നാൽ അത് എന്നെന്നും നിലനിൽ ക്കുന്നതോ എപ്പോഴും പ്രായോഗികമോ അല്ല. ഈ ഒരു ബഹുമതി വിശുദ്ധഖുർആന് മാത്രമാണുള്ളത്. അല്ലാഹു ഇതിൽ എല്ലാ രോഗ ങ്ങൾക്കുമുള്ള ചികിത്സ വിവരിച്ചിട്ടുണ്ട്. മനുഷ്യന്റെ എല്ലാ കഴിവു കളെയും പരിപോഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തിന്മകളെക്കുറിച്ച് പറഞ്ഞിട്ടുണ്ടെങ്കിൽ അതിനെ ദൂരീകരിക്കാനുള്ള മാർഗവും വിവ രിച്ചിട്ടുണ്ട്. അത്കൊണ്ട് വിശുദ്ധഖുർആന്റെ പാരായണം തുടർന്നു കൊണ്ടിരിക്കുക. ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുക. അതിന്റെ നിർദേശമനുസരിച്ച് നിങ്ങളുടെ അനക്കമടക്കമെല്ലാം ക്രമ പ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുക.

അല്ലാഹു നമുക്ക് വിശുദ്ധഖുർആൻ പഠിക്കാനും മനസ്സിലാ ക്കാനും അതനുസരിച്ച് പ്രവർത്തിക്കാനുമുള്ള തൗഫീഖ് നൽകു മാറാകട്ടെ. നമ്മുടെ സന്താനങ്ങളെയും വിശുദ്ധഖുർആന്റെ മനോ ഹരമായ അദ്ധ്യാപനങ്ങളിലേക്ക് ക്ഷണിക്കുന്നവരായി നാം മാറട്ടെ. അവരുടെ ഹൃദയങ്ങളിൽ വിശുദ്ധഖുർആന്റെ ആദരവ് നിലനാട്ടു ന്നവരായി നാം മാറട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 04 - 09 - 2009 at**
**Baithul Futuh,London**
**UK.**